# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലാ പഞ്ചായത്ത് - 2010-11 വർഷം നടപ്പിലാക്കിയ വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണ പദ്ധതിയ്ക്കായി സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 25,00,000/- രൂപയ്ക്ക് (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 3129/ 2016/തസ്വഭവ. തിരുവനന്തപുരം, തീയതി: 18/11/2016

---

പരാമർശം: 1. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 08.06.2016 ലെ എച്ച്-2073/13 നം. കത്ത്

2. ക്ഷീര വികസന വകുപ്പ് ഡയറക്ടറുടെ 08.07.2016-ാം തീയതിയിലെ ബി3/16798/2013 നം കത്തും അനുബന്ധവും

## <u>ഉത്തരവ്</u>

കണ്ണൂർ ജില്ലാ പഞ്ചായത്ത് 2010-11 വർഷം നടപ്പിലാക്കിയ "വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണ പദ്ധതി" പ്രകാരം ബിപിഎൽ വിഭാഗത്തിൽപ്പെട്ട വനിതാ കർഷകർക്ക് കാലിത്തീറ്റ വിലയുടെ 50 ശതമാനവും മൃഗപരിപാലനം മുഖ്യതൊഴിലായ നാമമാത്ര കർഷകർക്ക് വിലയുടെ 33 1/3 ശതമാനവും ധനസഹായമായി അനുവദിക്കാവുന്നിടത്ത് ഗുണഭോക്താക്കൾ ബി.പി.എൽ ആണോ എന്ന് പരിശോധിക്കാതെ മുഴുവൻ ഗുണഭോക്താക്കൾക്കും 50% സബ്സിഡി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആകെ ചെലവഴിച്ച 25 ലക്ഷം രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് 2010-11 വർഷത്തെ റിപ്പോർട്ടിൽ ഖണ്ഡിക 3-39 പ്രകാരം തടസ്സപ്പെടുത്തുയിരിന്നു. ആയതിനു സാധൂകരണം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

(2) പ്രസ്തുത പദ്ധതി മുഖാന്തിരം വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം പദ്ധതി നടപ്പിലാക്കിയതിലൂടെ കണ്ണൂർ ജില്ലയിലെ ക്ഷീരോല്പാദനത്തിലുണ്ടായ 10 ലക്ഷത്തിലധികം ലിറ്റർ പാലിന്റെ വർദ്ധനവും അധിക വരുമാനം കിട്ടുക വഴി സ്ത്രീ ശാക്തീകരണത്തിൽ അനുഭവപ്പെട്ട പുരോഗതിയും കണക്കിലെടുത്ത് നിലവിലുണ്ടായിരുന്ന സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതെന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ തടസ്സവാദം ഒഴിവാക്കി പ്രസ്തുത പദ്ധതിയ്ക്ക് സാധൂകരണം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

(PTO)

(3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം പദ്ധതി നടപ്പിലാക്കിയതു വഴി മറ്റു പാളിച്ചകളോ, ദുർവിനിയോഗമോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാലും, പ്രസ്തുത പദ്ധതി മുഖാന്തിരം ജില്ലയിലെ വാർഷിക ക്ഷീരോത്പാദനത്തിൽ 10 ലക്ഷത്തിലധികം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായതായുള്ള ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് ജില്ലാ ആസൂത്രണ കമ്മറ്റി അംഗീകരിച്ചതിനാലും, ഭാവിയിൽ വിഭാവനം ചെയ്യുന്ന പദ്ധതികളിൽ സർക്കാർ മാർഗ്ഗരേഖകൾ കർശനമായും പാലിക്കണമെന്ന നിർദ്ദേശത്തോടെ സബ്സിഡി ഇനത്തിൽ 25,00,000/- രൂപ (ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം ) അധികമായി ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഷിബു എ.റ്റി
ഗവണ്മെന്റ് അണ്ടർ സെക്രട്ടറി

ക്ഷീര വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കണ്ണൂർ ജില്ലാ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ, (എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, സ്വരാജ്ഭവൻ, നന്തൻകോട്, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
(സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ